(ഡി) 9-3-2015-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലും വിദ്യാർത്ഥികൾ നടത്തിവന്ന സമരം ഒത്തുതീർക്കാൻ ശ്രമിച്ചുവെങ്കിലും ഫലം കണ്ടില്ല. സമരം ഒത്തുതീർപ്പാക്കുന്നതിനുള്ള ശ്രമം ഇനിയും തുടരുന്നതാണ്.

മലപ്പുറത്ത് പുതുതായി അനുവദിച്ച സർക്കാർ വനിതാ കോളേജ്

17 (1053) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറത്ത് പുതുതായി അനുവദിച്ച സർക്കാർ വനിതാ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്, വിശദാംശം നൽകുമോ ;

(ബി) സ്പെഷ്യൽ ഓഫീസറുടെ നിയമനം, കോഴ്സുകൾ എന്നിവ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) അടുത്ത അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കത്തക്ക രീതിയിൽ നടപടികൾ ഊർജ്ജിതപ്പെടുത്തുമോ ?

ഉത്തരം

(എ-സി) മലപ്പുറത്ത് പുതുതായി അനുവദിച്ച സർക്കാർ വനിതാ കോളേജിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരികയാണ്. കോഴ്സുകൾ സംബന്ധിച്ച റിപ്പോർട്ട് സ്പെഷ്യൽ ഓഫീസറാണ് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുമായി കൂടിയാലോചിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കേണ്ടത്. ഈ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ, എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം

18 (1054) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം നല്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വിദഗ്ധരടക്കമുള്ളവരുടെ വിയോജാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയതലത്തിൽ പരാജയപ്പെട്ട ഒരു പദ്ധതി എന്ന് വിദ്യാഭ്യാസ വിദഗ്ധർ അഭിപ്രായപ്പെട്ട പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly